Rape with Murder	13
Rape	5512
Molestation	18241
Eve-teasing	1708
Kidnapping & Abduction	835
304 (B)	92
498 (A)	21609
Others	12060

(ബി) സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച വിവിധയിനം കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, ജാമ്യത്തിൽ വിട്ടയക്കപ്പെട്ടവർ, റിമാന്റ് ചെയ്യപ്പെട്ടവർ, അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ, കുറ്റപത്രം കോടതിയിൽ നൽകിയ കേസുകളുടെ എണ്ണം, അന്വേഷണം പൂർത്തിയായിട്ടില്ലാത്ത കേസുകളുടെ എണ്ണം, വിചാരണ കഴിഞ്ഞ കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം, പീഡനങ്ങളെ തുടർന്ന് മരണപ്പെട്ട സ്ത്രീകളുടെ എണ്ണം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

245 (3757) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ഇതുവരെ പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും, ഏതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പും സർക്കാർ രൂപീകരിച്ച പ്രത്യേക പോലീസ് സംഘവും ഓപ്പറേഷൻ ബിഗ് ഡാഡി വഴി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും അതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റുചെയ്തുവെന്നും അറിയിക്കുമോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതു തടയുവാനും കുറ്റക്കാരെ കണ്ടെത്താനും എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നും അവ ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാൻ ഫലപ്രദമാണോ എന്നും അല്ലെങ്കിൽ ഫലപ്രദമാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പുവർഷം (2015) ഇതുവരെ പെൺവാണിഭം സംബന്ധിച്ച് ഒൻപത് കേസുകളും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച് 674 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതെല്ലാം കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്നുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓപ്പറേഷൻ ബിഗ് ഡാഡി എന്ന പ്രത്യേക പദ്ധതി വഴി നാല് കേസുകൾ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

1. Cr. No. 29/2015:- U/s. 67, 67 B(b) (c) (d), 66 C of Information Technology Act - 2000 & Sec. 13 r/w. 14(1) of The Protection of Children from Sexual Offences Act, 2012 and 370 (1) & 34 of IPC പ്രകാരം ഇതുവരെ 14 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

2. Cr. No. 32/2015:- U/s. 5 (A) (a) (b) (c) of Immoral Traffic (Prevention) Act - 1956, Sec. 67 of Information Technology Act - 2000 and Sec. 370(1) & 34 of IPC. ഈ കേസിൽ ഇതുവരെ പത്തുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

3. Cr. No. 34/2015:- U/s. 366A, 370 (1), 120 (B), 212 & 34 of IPC and Sec. 66 C & 67 of Information Technology Act - 2000 and Sec. 13 (b) (c) r/w. 14 of The Protection of Children from Sexual Offences Act, 2012 and Sec. 4 (1), (2), (a), (b), (c), 5 (a), (b), (c), 5 A(a), (b), (c) of the Immoral Traffic (Prevention) Act, 1956. ഈ കേസിൽ ഇതുവരെ പത്തുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

4. Cr. No. 36/2015:- U/s. 67 A of Information Technology Act, 2000 and 370, 376, 384, 120 B and 34 of IPC. ഈ കേസിൽ ഇതുവരെ മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും കുറ്റക്കാരെ കണ്ടെത്താനും സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് നിരീക്ഷിക്കുന്നതിനുമായി ജില്ലകൾ തോറും സൈബർ സെല്ലുകളും തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും എക്സിബിഷനുകളിലൂടെയും പൊതുജനങ്ങൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകിവരുന്നു. കൂടാതെ ഇത്തരം നിയമ വിരുദ്ധ പ്രവർത്തനം ചെയ്യുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

ചടയമംഗലത്തെ ക്രൈം നമ്പർ 1843/2015 കേസ്സേഷണം

246 (3758) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ:1843/2015 ന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) കുറ്റവാളികളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സി.പി.ഐ. യുടെ കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് മെമ്പറും ചടയമംഗലം മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. മുസ്തഫ, എ. എം. ഹൗസ്, പോരേടം എന്ന ആളുടെ വീട്ടുമുറ്റത്ത് ആരോ കുറ്റകരമായി പ്രവേശിച്ച് വീടിന്റെ മുൻവശമുള്ള ജനലിന്റെ മദ്ധ്യഭാഗത്തുള്ള മൂന്ന് ഗ്ലാസുകൾ പാറക്കല്ലുകൊണ്ട് ഇടിച്ചുപൊട്ടിച്ച് 4000 രൂപയുടെ നഷ്ടമുണ്ടായതായി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1843/2015 U/s. 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. ഇതുവരെ ടി കേസിലെ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല.

(ബി&സി) ഫിംഗർ പ്രിന്റ് ബ്യൂറോ, ഡോഗ് സ്ക്വാഡ്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി ടി കേസിലെ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly